വശ്യങ്ങൾക്കായി സൗരവൈദ്യുതി നിർമ്മിച്ച് വിലക്കു വില്ക്കുവാൻ തങ്ങൾ തയ്യാറാണെന്ന് ലസ് ഇൻഡസ്ട്രീസ് പറയുന്നു. ഒരു വ്യാവസായിക അസംസ്കൃത വസ്തുവായി വെയിലിനെ എങ്ങനെ ഉപയോഗിക്കാമെന്ന് ലസ് ഇൻഡസ്ട്രീസ് പ്രായോഗികമായി കാണിച്ചുതന്നിരിക്കുന്നു.

(അവലംബം: 1985 നവംബർ 1–ലെ 'ന്യൂസ് ഫ്രം ഇസ്രായേൽ' എന്ന ലഘുലേഖ.)

19 ജനുവരി, 1986

# 93. പുല്ലുമേൽപ്പുര

എട്ടു കൊല്ലം ഗൾഫിൽ ജോലിചെയ്തു കുറെയേറെ വിദേശനാണ്യം സമ്പാദിച്ചു നേടിക്കൊടുത്ത മുഹമ്മദിന്ന് ഒരു മോഹം; നാട്ടിൽ ഒരു വീട് ഉണ്ടാക്കണം.

റോഡുവക്കിൽ പത്തുസെൻറ് സ്ഥലം വാങ്ങി. സ്ഥലമുടമസ്ഥും ഇടനിലക്കാരനുമായി പെരുത്തു പണം കൊടുക്കേണ്ടിവന്നു.

അനന്തരകാര്യങ്ങൾക്കായി അടുത്തുള്ള നഗരത്തിലെ പ്രശസ്തനായ കെട്ടിടംപണിക്കോൺട്രാക്ടറെ മുഹമ്മദ് സമീപിച്ചു. ഗൾഫുകാരന്റെ ആവശ്യം കോൺട്രാക്ടർ വേലപ്പൻ ശ്രദ്ധിച്ചുകേട്ടു. മുൻകൂട്ടി തയ്യാറാക്കി ബ്ലൂപ്രിൻറ് എടുത്തുവെച്ചിട്ടുള്ള പല കെട്ടിടമാതൃകകൾ മുഹമ്മദിന്റെ മുമ്പിൽ വേലപ്പൻ നിരത്തി. ഓരോന്നിന്റെയും മതിപ്പുചെലവു വിവരിച്ചു. മുഹമ്മദിന്ന് ഒന്നിലും തൃപ്തി തോന്നിയില്ല. അയാൾ പറഞ്ഞു:

'എനിക്കു കൊട്ടാരമൊന്നും വേണ്ട. ഒരു ഇടത്തരം വീട്, ഓടുമേഞ്ഞ മേല്പുര. തട്ടിട്ട നാലു മുറികൾ. വീതിയുള്ള, തുറന്ന വരാന്ത. ധാരാളം കാററും വെളിച്ചവും.'

കോൺട്രാക്ടർ വേലപ്പൻ പറഞ്ഞു: 'വീട് ചെറുതാക്കാം. കാററിനും വെളിച്ചത്തിനും സൗകര്യം ഉണ്ടാക്കാം. പക്ഷേ, ഓടിട്ട മേല്പുരയ്ക്കു കുറെ പ്രയാസമുണ്ട്.'

'അതെന്താണ്?'

'മരം കിട്ടാനില്ല. കല്ലായിയിൽ മരം വരുന്നില്ല. കല്ലായിയിൽ മാത്രമോ? കേരളത്തിൽ ഒരു ഡെപ്പോവിലുമില്ല മരം. വേണമെങ്കിൽ കാടു ലേലം വിളിച്ചെടുക്കണം. അല്ലെങ്കിൽ ആൻഡമാനിൽനിന്നു വരുത്തണം. അതിനൊക്കെ സമയം ഒരുപാടു പിടിക്കും.'

'അപ്പോൾ എന്തു ചെയ്യും?'

'വീടിന്ന് ഉത്തരവും കഴുക്കോലും പട്ടികയും വേണ്ടെന്നു വയ്ക്കുക. മേൽപ്പുര മുഴുവൻ കോൺക്രീററുകൊണ്ട് ആക്കുക. കട്ടിളയ്ക്കും വാതിലിനും പ്ലൈവുഡ് മതിയെന്നുവയ്ക്കുക. അലമാരകളിൽ അലുമിനിയം ഫ്രെയ്മും ചില്ലുവാതിലുകളും ഘടിപ്പിക്കുക.'

ഗൾഫിലെ കോൺക്രീററ് മേൽപ്പുരയുള്ള വാടകമുറിയെപ്പററി മുഹമ്മദ് ഓർത്തു. ഒരു അഞ്ചുനിലക്കെട്ടിടത്തിന്റെ മേൽത്തട്ടിലാണ് ആ മുറി. മേൽപ്പുരയും ചുവരും വെയിലിൽ ചുട്ടുപഴുത്തു കിടക്കും. രാത്രിയും പകലും ചൂട് ഒരുപോലെ. ചുണ്ണാമ്പുചൂളയുടെ അകത്തു പാർക്കുന്ന പ്രതീതി. എയർകണ്ടീഷണിങ് ഉണ്ട്. ഫലമില്ല.

നാട്ടിലെ വീടും അങ്ങനെതന്നെ മതിയോ?

തീരുമാനം പിന്നീട് അറിയിക്കാമെന്നു പറഞ്ഞ് കോൺട്രാക്ടരുടെ അടുത്തുനിന്ന് മുഹമ്മദ് ഇറങ്ങിപ്പോന്നു.

പ്രീഡിഗ്രി ക്ലാസ്സിൽ തന്നോടൊപ്പം പഠിച്ചിരുന്ന തോമസ് ഇപ്പോൾ ഒരു ആർക്കിടെക്ട് ആയി ഇതേ നഗരത്തിൽ പ്രവർത്തിക്കുന്ന വിവരം മുഹമ്മദ് ഓർത്തു. കക്ഷിയെ ഒന്നു കണ്ടാലോ? ടെലിഫോൺ ഡയറക്ടറി നോക്കി തോമസ്സിന്റെ പാർപ്പിടം കണ്ടുപിടിക്കാൻ പ്രയാസമുണ്ടായില്ല. തോമസ് മുഹമ്മദിനെ ആഹ്ലാദത്തോടെ സ്വീകരിച്ചു. കൊച്ചുവർത്തമാനത്തിന് അധികം സമയംകളയാതെ മുഹമ്മദ് സുഹൃത്തിന്റെ മുമ്പിൽ തന്റെ ആവശ്യം സമർപ്പിച്ചു. തോമസ് പറഞ്ഞു:

'തന്റെ വീടിനു് ഓടുമേഞ്ഞ മേൽപ്പുര തരാൻ എന്നെക്കൊണ്ട് ആവില്ല. മരം എന്റെ കൈയിലും ഇല്ല. എങ്കിലും തനിക്കു ഞാൻ പുല്ലു മേൽപ്പുരയുള്ള ഒരു വീടു പണിതുതരാം.'

ചെറുപ്പത്തിൽ താൻ കണ്ടിട്ടുള്ള വയ്ക്കോൽ മേഞ്ഞ മേൽപ്പുരകളെ മുഹമ്മദ് ഓർമിച്ചു. അയാൾ പറഞ്ഞു:

'ആണ്ടുതോറും പുരമേയാൻ വയ്ക്കോൽ എവിടെനിന്നു കിട്ടും?'

'വയ്ക്കോൽ അല്ല, എല്ലാ ആണ്ടിലും മേയുകയും വേണ്ട. മേൽപ്പുര കോൺക്രീററുതന്നെ. പച്ചപ്പുല്ലുകൊണ്ടു മൂടിയിരിക്കുമെന്നുമാത്രം. തോട്ടത്തിലെ പുൽത്തകിടിയില്ലേ? അതുപോലെ.'

മുഹമ്മദിനു രസം തോന്നി.

തോമസ് അകത്തു പോയി ഒരു മാസിക എടുത്തു കൊണ്ടുവന്നു. അതിലെ സചിത്രലേഖനം മുഹമ്മദിനു കാണിച്ചുകൊടുത്തു. 'വേണമെങ്കിൽ കൊണ്ടുപോയി വായിച്ചുനോക്കു്. വൈകുന്നേരം വാ. സംഗതി പിടിച്ചാൽ വിശദാംശങ്ങൾ നമുക്കു് ഉറപ്പിക്കാം' എന്നു പറഞ്ഞു സുഹൃത്തിനെ യാത്രയാക്കി.

മാസികയിലെ ലേഖനം മുഹമ്മദ് ശ്രദ്ധിച്ചു വായിച്ചു.

പടിഞ്ഞാറെ ജർമനിയിൽ ഹാനോവർ നഗരത്തിലുള്ള 'ലാഹർ വീസൻ' എന്ന ഹൗസിങ് കോളനിയെക്കുറിച്ചായിരുന്നു ലേഖനം. അറുപത്തൊമ്പതു വീടുകൾ മാത്രമുള്ള ആ കോളനി സംവിധാനംചെയ്തതു് ചെറുപ്പക്കാരായ രണ്ടു് ആർക്കിടെക്റ്റുകളാണ്.

അകത്തു് അറുപതു ചതുരശ്രമീററർ മുതൽ അതിന്റെ നാലിരട്ടിവരെ വിസ്താരമുള്ള പലതരം വീടുകൾ. എല്ലാററിന്റെയും കോൺക്രീററു മേല്പുരയു മുകളിൽ പുല്ലു നട്ടുവളർത്തിയിരിക്കുന്നു. ഏതാണ്ടു് അരമീററർ ഉയരത്തിൽ വളരുന്ന പുല്ല്. ഇടയ്ക്കിടെ പല നിറത്തിൽ പൂക്കളുള്ള ചെറിയ കാട്ടുചെടികളും. അപ്പുറത്തുള്ള ബഹുനിലക്കെട്ടിടങ്ങളിൽനിന്നു നോക്കുമ്പോൾ ഈ ഹൗസിങ് കോളനി ആകെ ഒരു പച്ചപ്പുൽത്തകിടിയാണെന്നു തോന്നും.

പുല്ലുമേല്പുരയെന്നതു് ഒരു പുതിയ സങ്കല്പമല്ല. കൊടുംചൂടുള്ള ആഫ്രിക്കൻ നാടുകൾമുതൽ കൊടുംതണുപ്പുള്ള ധ്രുവപ്രദേശങ്ങൾവരെ ഇത്തരം മേല്പുരകൾ ഉള്ള വീടുകൾ മുമ്പു പണിതിരുന്നു. ഒന്നു മാത്രം: അന്നു മരപ്പലകയുടെ മേൽ മണ്ണു വിരിച്ചാണു മേല്പുരയിൽ പുല്ലു വളർത്തിയിരുന്നതു്. ഇന്നു മരപ്പലകയുടെ സ്ഥാനം കോൺക്രീററ് പലകയ്ക്കു കൈവന്നിരിക്കുന്നു.

വീട്ടിനകത്തു ശീതോഷ്ണസ്ഥിതി നിയന്ത്രിക്കുന്നതിനാണു മേല്പുരയിൽ പുല്ലു വളർത്തുന്നതു്. പുല്ലിന്റെ വേരുകൾക്കിടയിൽ കാററിനു ധാരാളം സ്ഥലമുണ്ടു്. പുല്ലുവേരുകളുടെ ശ്വാസോച്ഛ്വാസപ്രക്രിയ കാററിന്റെ ചൂടു നിയന്ത്രിച്ചു നിർത്തുന്നു. മണ്ണിൽ, കാററിനു പുറമെ, മഞ്ഞുതുള്ളിയും നനവെള്ളവും സംഭരിക്കപ്പെടുന്നു. മേല്പുരയിലെ വായുവും വെള്ളവും, വീട്ടിനകത്തെ വായു വേനലിൽ കൂടുതൽ ചൂടോ ശിശിരത്തിൽ കൂടുതൽ തണുപ്പോ ആകാതെ നോക്കുന്നു. മേല്പുരയുടെ സ്വാഭാവികമായ പച്ചനിറം കണ്ണിനു കുളിർമ നൽകുന്നു. വായുവിലെ പൊടിയും

പുകയും മററു മാലിന്യങ്ങളും അരിച്ചുനീക്കാനും മേല്പുരയിലെ പുല്ല സഹായിക്കുന്നു. പുല്ലമേല്പുരയുള്ള ഏതാനും വീടുകൾ കൂടിനില്ക്കുന്ന കോളനിയിലെ ലഘുകാലാവസ്ഥ (മൈക്രോക്ലൈമററ്) നഗരത്തിലെ പൊതുകാലാവസ്ഥയിൽനിന്ന് എത്രയോ വ്യത്യസ്തമായിരിക്കും. വീട്ടിൻെറ അകത്തുള്ള ലഘുതമകാലാവസ്ഥയെ പുല്ലമേല്പുര അനുകൂലമായി ബാധിക്കുമെന്നു പറയേണ്ടതുമില്ല. ഈ വീടുകളിൽ പാർക്കുന്ന ജനങ്ങളുടെ മാനസികകാലാവസ്ഥയിലും പുല്ലമേല്പുര ഗുണകരമായ മാററം ഉണ്ടാക്കുമത്രേ. 'ലാഹർ വീസൻ' കോളനിക്ക് 'കുട്ടികളുടെ സ്വർഗം' എന്ന പദവി നൽകപ്പെട്ടിട്ടുണ്ട്. ഈ പദവി കൊത്തിയ ഒരു സ്വർണമെഡൽ ആ കോളനിക്ക് അടുത്തകാലത്തു നൽകപ്പെട്ടു.

പുല്ലമേല്പുരയെപ്പററി ഗവേഷണവും പഠനവും നടത്തുന്ന ഒരു വകുപ്പ് പടിഞ്ഞാറെ ജർമനിയിലെ കാസ്സെൽ യൂനിവേഴ്സിററിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രൊഫസ്സർ ഗെർനോട്ട് മിൻക് എന്നൊരു ആർക്കിടെക്ട് ആണ് ഈ വകുപ്പിൻെറ തലവൻ. ചുരുങ്ങിയ ചെലവിൽ പുല്ലമേല്പുരകൾ നിർമിക്കുക സാധ്യമായതു് പ്രൊഫസ്സർ മിൻകിൻെറ ഗവേഷണങ്ങളുടെ ഫലമായാണ്. വീടുണ്ടാക്കുന്നതു പ്രകൃതിയുമായി മല്ലിട്ടുകൊണ്ടാകരുതു്; മറിച്ച് പ്രകൃതിയുമായി സഹകരിച്ചുകൊണ്ടാകണം എന്നതാണ് പ്രൊഫസ്സർ മിൻകിൻെറ സിദ്ധാന്തസാരസംഗ്രഹം. 'ലാഹർവീസൻ' കോളനി നിർമിച്ച രണ്ടുപേരിൽ ഒരാൾ, ഹെർമൺ ബൂക്ഹോഫ്, ഹാനോവർ നഗരത്തിലെ നഗരാസൂത്രകൻ (ടൗൺ പ്ലാനർ)ആയിരുന്നു. 1982-ൽ ബൂക്ഹോഫ് ആ ജോലി രാജിവയ്ക്കുകയും, സുഹൃത്തായ ഹെൽമുത് റെൻട്രോപ് ഒരുമിച്ച് സ്വന്തമായി കെട്ടിടനിർമാണ ബിസിനസ്സ് ആരംഭിക്കുകയുംചെയ്തു. 'ലാഹർവീസൻ' കോളനിക്കുള്ള സ്ഥലം വാങ്ങിയതും, ഏരിയ പ്ലാനിങ് നടത്തിയതും കെട്ടിടങ്ങൾക്ക് (അവ ഒന്ന് മറെറാന്നിനേപ്പോലെയല്ല; എല്ലാം വ്യത്യസ്ത മാതൃകകളിലാണ്) രൂപകല്പനചെയ്തതും, അവ പണിതതും, അവയുടെ ഉൾഭാഗം അലങ്കരിച്ചതും, എല്ലാം ഇവർ രണ്ടുപേരും ചേർന്നാണ്. എത്രകാലം താമസിച്ചാലും ഈ വീടുകൾ മടുക്കുകയില്ലെന്നും, ദിവസേന അവയിലോരോന്നിലും ചില പുതുമകൾ കണ്ടെത്താൻ അവയിൽ പാർക്കുന്നവർക്ക കഴിയുമെന്നും പറയപ്പെടുന്നു. പടിഞ്ഞാറെ ജർമനിയിൽ രാഷ്ട്രവ്യാപകമായി നടത്തിയ 'നിർമാണധൈര്യ' മത്സരത്തിൽ ഒന്നാംസമ്മാനം ബൂക്ഹോഫും റെൻട്രോപ്പും നേടി. 'മനുഷ്യനെയും പണത്തെയും പരിസരത്തെയും സ്വരമേളനപ്പെടുത്തുന്നതിന് ഇന്നോളം നടന്ന ഏററവും ബുദ്ധിപൂർവമായ പരിശ്രമം' എന്ന് ലാഹർവീസൻ കോളനി വാഴ്ത്തപ്പെട്ടിട്ടുണ്ട്. ഇന്ന് ഈ കോളനി യുവ—വാസ്തുശില്പികളുടെ മാത്രമല്ല, ടൂറിസ്റ്റുകളുടെയും ഒരു ആകർഷണകേന്ദ്രമാണ്. പടിഞ്ഞാറെ ജർമനിയിൽ ഈ മാതൃകയിലുള്ള എത്രയോ കോളനികൾ ഇപ്പോൾ നിർമിക്കപ്പെട്ടുവരുന്നുണ്ട്.

പുല്ലമേല്പുരയുടെ ഗുണം മുഹമ്മദിനു ബോദ്ധ്യമായി. അയാൾ തൻെറ ബാപ്പയോട് ഈ പുതിയ മേല്പുരയെപ്പററി പറഞ്ഞു.

ബാപ്പ എല്ലാം ശ്രദ്ധിച്ചുകേട്ടു. ഒടുവിൽ പറഞ്ഞു: 'സംഗതി കൊള്ളാം. ജർമനിയിലോ റഷ്യയിലോ ഒക്കെ ഇതാവാം. പക്ഷേ, നമ്മുടെ നാട്ടിൽ ഇതൊന്നും പററൂല. നാട്ടുകാർ അത്രയ്ക്കു വളർന്നിട്ടില്ല. മേല്പുരയിൽ പുല്ല വളർത്തിയാൽ നിന്നെ അവർ 'പുല്ലൻ' എന്നു വിളിച്ചു പരിഹസിക്കും.

ദീർഘകാലത്തെ പ്രായോഗിക ജീവിതാനുഭവത്തിൽനിന്നാണ് ബാപ്പ അതു പറഞ്ഞതെന്ന് മുഹമ്മദ് മനസ്സിലാക്കി. നാട് അതിനു

പാകമായിട്ടില്ല. ഇവിടെ നാട്ടുകാർ കോൺക്രീററുകൃഷിയാണു നടത്തുന്നതു്. പുല്ലുകൃഷിക്കുവേണ്ട വിവേകം അവർക്കു കൈവന്നിട്ടില്ല.

മുഹമ്മദ് പിറേറന്നു് തോമസ്സിനു മാസിക മടക്കിക്കൊടുത്തു. കൺട്രാക്ടർ വേലപ്പനെ വീണ്ടും സമീപിച്ചു് കെട്ടിടത്തിന്റെ പ്ലാൻ അംഗീകരിച്ചു്, കരാർ ഉറപ്പിച്ചു്, അഡ്വാൻസും കൊടുത്തു. അവധി കഴിഞ്ഞു തിരിച്ചുപോകുംമുമ്പു പണി തുടങ്ങിവയ്ക്കുകയെങ്കിലും വേണ്ടേ?

22 ഡിസംബർ, 1985

# 94. ഭൂമിയും മനുഷ്യനും

ഭൂമിയും മനുഷ്യനും തമ്മിൽ ഉണ്ടായിരിക്കേണ്ട ബന്ധം എന്തു് എന്ന പ്രശ്നം കേരളത്തിൽ രൂക്ഷമായ രൂപം കൈക്കൊണ്ടിരിക്കുകയാണല്ലോ.

മനുഷ്യന്റെ കൈയേററം വളരെ വലിയ ഒരററം വരെ ഭൂമി സഹിക്കും. എന്നാൽ, ഭൂമിയുടെ ക്ഷമയ്ക്കും അതിരുണ്ടു്. കൈയേററം അതിരു കടന്നാൽ ഭൂമി തിരിച്ചടിക്കും. ഫലം: മലയിടിയൽ, മണ്ണൊലിപ്പു്, വെള്ളപ്പൊക്കം, വരൾച്ച, മണ്ണു് തരിശാവൽ, നിരന്തരമായ കൃഷിപ്പിഴ.

കേരളത്തിൽ മനുഷ്യന്റെ കൈയേററം ഭൂമിയുടെ ക്ഷമയുടെ അതിർത്തി ലംഘിച്ചിരിക്കുന്നു എന്ന സൂചന ഇക്കഴിഞ്ഞ (ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന) കടുത്ത വരൾച്ചയിൽനിന്നു് നമുക്കു ലഭിച്ചുകഴിഞ്ഞിട്ടുണ്ടു്.

രാഷ്ട്രീയപ്പാർട്ടിക്കാർ ഒഴികെയുള്ള ജനങ്ങളെല്ലാം ഈ സൂചന മനസ്സിലാക്കിക്കഴിഞ്ഞു. പക്ഷേ, രാഷ്ട്രീയപ്പാർട്ടിക്കാർ, മുഖ്യമായും രണ്ടു കേരളകോൺഗ്രസ്സുകളും മുസ്ലീംലീഗും, ഈ സൂചന മനസ്സിലാക്കാൻ ഇനിയും തയ്യാറായിട്ടില്ല.

വനംകൈയേററത്തിന്റെ പിന്നിൽ ഉറച്ചുനിൽക്കുവാൻതന്നെയാണു് അവർ തീരുമാനിച്ചിട്ടുള്ളതെന്നു്, നിയമസഭയിൽ ഈ പാർട്ടികളുടെ നേതാക്കൾ നടത്തിയ പ്രസ്താവനകളിൽനിന്നു വ്യക്തമാകുന്നു.

ഭരണം നടത്തുന്ന ഐക്യമുന്നണിയിലെ ഘടകങ്ങളായ ഈ പാർട്ടികളുടെ എതിർപ്പു് വിഗണിച്ചു് വനംകൈയേററം തടയാൻ ആഗ്രഹമുണ്ടെങ്കിൽത്തന്നെ, സർക്കാരിനു സാധിക്കുമോ? പ്രത്യേകിച്ചും, ഭരണമുന്നണിയിലെ ഭിന്നിപ്പുകളിൽനിന്നു പരമാവധി മുതലെടുക്കുന്ന എതിർകക്ഷികൾ കൂടി കൈയേററക്കാരെ ഒഴിപ്പിക്കുന്നതിനു തടസ്സം ഉണ്ടാക്കുമ്പോൾ? ഇതു് കണ്ടുതന്നെ അറിയണം.

പ്രകൃതിയോടിണങ്ങി, പ്രകൃതിയുടെ ഭാഗമായി, ജീവിച്ച പ്രാചീന മനുഷ്യർക്കു് പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെപ്പററി വ്യക്തമായ ധാരണയുണ്ടായിരുന്നു. ഈ ധാരണ, പരിഷ്കൃതമനുഷ്യർക്കു നഷ്ടപ്പെട്ടുപോയിരിക്കുന്നു.

വടക്കേ അമേരിക്കയിൽ യൂറോപ്യന്മാർ കുടിയേറിപ്പാർക്കുമ്പോൾ ആ വൻകര ജനവാസശൂന്യമായിരുന്നില്ല. വേട്ടയാടിയും കൃഷിചെയ്തും ഗോത്രാടിസ്ഥാനത്തിൽ ജീവിച്ചിരുന്ന അമേരിന്ത്യക്കാർ (ചുകന്ന ഇന്ത്യക്കാർ) ശതാബ്ദങ്ങളായി അവിടെ പാർത്തുവന്നു.

കൈയേറിയും, വെട്ടിപ്പിടിച്ചും, വിലയ്ക്കുവാങ്ങിയും അമേരിന്ത്യരെ സ്ഥാനഭ്രഷ്ടരാക്കിയാണു് വെള്ളക്കാർ വടക്കേ അമേരിക്കയിൽ ആധിപത്യം ഉറപ്പിച്ചതു്.

അമേരിക്കൻ ഐക്യരാഷ്ട്രങ്ങൾ നിലവിൽവന്നതിനുശേഷവും,